# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1679 | 07.03.2018-ൽ മറുപടിക്ക് |
|---|---|

## വെൺകുളം അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ | പിണറായി വിജയൻ (മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട് ഗ്രാമപഞ്ചായത്തിലെ വെൺകുളം അഴിമതി സംബന്ധിച്ച് കൃഷിവകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുണ്ടോ; ആയതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ | എ) | വെൺകുളം പുനരുദ്ധാരണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തി വരുന്നു. |
| ബി) | വിജിലൻസ് വിഭാഗത്തിലെ ഏതു യൂണിറ്റിനാണ് അന്വേഷണ ചുമതല നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാൻ കഴിയുമോ; | ബി) | വിജിലൻസ് & ആൻറികറപ്ഷൻ ബ്യൂറോ, ദക്ഷിണ മേഖലാ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിനാണ് വിജിലൻസ് അന്വേഷണത്തിന്റെ ചുമതല നൽകിയിട്ടുള്ളത്. |
| സി) | വെൺകുളത്ത് വിജിലൻസ് വിഭാഗം സന്ദർശനം നടത്തി ആവശ്യമായ തെളിവുകൾ ശേഖരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | സി) | വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി വെൺകുളത്ത് വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥർ സന്ദർശനം നടത്തിയിട്ടുണ്ട്. |
| ഡി) | വെൺകുളം നവീകരണ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗത്തിന് കേസ് രജിസ്റ്റർ ചെയ്യുന്നതിന് തടസ്സം എന്തെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | ഡി) & ഇ) | വിജിലൻസ് അന്വേഷണം പൂർത്തിയായ ശേഷം കേസ് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| ഇ) | പ്രസ്തുത കേസ് 2018- മാർച്ച് 31 ന് മുൻപ് രജിസ്റ്റർ ചെയ്യാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ